**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3066** **18-03-2022 - ൽ മറുപടിയ്ക്ക്**

**സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത തീരദേശവാസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തീരദേശവാസികളിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരുടെ കണക്ക് ലഭ്യമാക്കുമോ; | (എ) | ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (എൻ.ഐ.ആർ.ഡി) ന്റെ 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും, 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരുമായിരുന്നു. |
| (ബി) | ഈ സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ പുനർഗേഹം പദ്ധതിയിലൂടെ എത്ര പേർക്ക് വീട്/ഫ്ലാറ്റ് നൽകിയെന്നും എത്ര പേർക്ക് നൽകാനുണ്ടെന്നും എപ്പോൾ നൽകുവാൻ കഴിയുമെന്നും ഇതിനായിട്ടുള്ള തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) | സർക്കാരിന്റെ ഒന്നാം നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പുനർഗേഹം പദ്ധതിയിലൂടെ 2021 ൽ 319 വീടുകളും 276 ഫ്ലാറ്റുകളും കൈമാറി നൽകിയിട്ടുണ്ട്. രണ്ടാം നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 689 ഭവനങ്ങൾ കൈമാറുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ 252 ഭവനങ്ങൾ പൂർത്തീകരിച്ച് താക്കോൽ കൈമാറിയിട്ടുണ്ട്. കൊല്ലം Q.S.S കോളനിയിലെ 114 ഫ്ലാറ്റുകളും രണ്ടാം നൂറു ദിനത്തിന്റെ ഭാഗമായി കൈമാറുവാൻ കഴിയും. DLAC/DLMC അപ്രൂവൽ നടക്കുന്ന മുറയ്ക്ക് മറ്റ് ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിമുഖത കാണിക്കുന്ന ഗുണഭോക്താക്കളെ എം. എൽ.എമാരുടേയും മറ്റ് ജന പ്രതിനിധികളുടെയും സാന്നിധ്യത്തിൽ ബോധവൽക്കരണം നടത്തി പദ്ധതിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും കൂടാതെ പദ്ധതിയുടെ പുരോഗതിക്കായി ജില്ലകളിൽ നിയമിച്ചിട്ടുള്ള കോർഡിനേറ്ററും, മോട്ടിവേറ്റർമാരും ഭൂമി കണ്ടെത്തി റസിഡൻഷ്യൽ ഗ്രൂപ്പ് ഉണ്ടാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നാളിതുവരെ പുനർഗേഹം പദ്ധതി വഴി എത്ര | (സി) | പുനർഗേഹം പദ്ധതി വഴി 14.03.2022 വരെ 1144 |

| | | | |
|---|---|---|---|
| | മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്/ഫ്ലാറ്റ് നൽകി; വിശദാംശം വ്യക്തമാക്കുമോ? | | വീടുകളും 276 ഫ്ലാറ്റുകളും നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ക്രമ നം.** | **ജില്ല** | **ഫ്ലാറ്റ്** | **വീട്** |
|---|---|---|---|
| 1 | തിരുവനന്തപുരം | 148 | 308 |
| 2 | കൊല്ലം | | 149 |
| 3 | ആലപ്പുഴ | | 294 |
| 4 | എറണാകുളം | | 25 |
| 5 | തൃശ്ശൂർ | | 177 |
| 6 | പൊന്നാനി | 128 | 85 |
| 7 | കോഴിക്കോട് | | 41 |
| 8 | കണ്ണൂർ | | 47 |
| 9 | കാസർഗോഡ് | | 18 |
| **ആകെ** | | **276** | **1144** |

**സെക്ഷൻ ഓഫീസർ**